# പതിനാറാം കേരളനിയമസഭ
## രണ്ടാം സമ്മേളനം
2026 ഒക്ടോബർ 27, ചൊവ്വ
## കാര്യവിവരപ്പട്ടിക

**1. ചോദ്യങ്ങൾ:**

പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങളും ഒന്നാം നമ്പർ അടിയന്തര ചോദ്യവും ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2. ശ്രദ്ധ ക്ഷണിക്കൽ:**

(1) സംസ്ഥാന ആഭ്യന്തര വകുപ്പ് രൂപം നൽകിയ ഓപ്പറേഷൻ തൂഫാൻ - ൽ പിടിക്കപ്പെടുന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരേണ്ടതിന്റെയും പരമാവധി ശിക്ഷ ഉറപ്പാക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. പാറക്കൽ അബ്ദുല്ല ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) സംസ്ഥാനത്തെ പ്രധാന പാതകളിലൊന്നായ എം. സി. റോഡിന്റെ വികസന പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതിന്റെയും ജനങ്ങളുടെ യാത്രാദുരിതം പരിഹരിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. ജി. ആർ. അനിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**3. 113 - ാം ചട്ടമനുസരിച്ചുള്ള ഹർജി സമർപ്പണം:**

സംസ്ഥാനത്ത് 2026 ജൂലൈ അവസാന വാരത്തിലുണ്ടായ കടൽ ദുരന്തം സംബന്ധിച്ച മുൻ നിയമസഭാംഗം ടി. ജെ. ആഞ്ചലോസ് - ന്റെ ഹർജി ശ്രീ. കെ. രാജൻ സമർപ്പിക്കുന്നതാണ്.

**4. റിപ്പോർട്ടുകളുടെ സമർപ്പണം:**

(1) വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പ് മന്ത്രിയും സബ്ജക്ട് കമ്മിറ്റി X - ന്റെ ചെയർപേഴ്സണുമായ ശ്രീ. ഷിബു ബേബി ജോൺ കമ്മിറ്റിയുടെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നതാണ്.

(2) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച കമ്മിറ്റിയുടെ ചെയർപേഴ്സണായ ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി കമ്മിറ്റിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

(3) സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ ചെയർപേഴ്സണായ ശ്രീമതി ഉമ തോമസ് കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(4) പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ ചെയർപേഴ്സണായ ശ്രീ. ടി. വി. ഇബ്രാഹിം കമ്മിറ്റിയുടെ ഒന്നാമത്തെയും രണ്ടാമത്തെയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

**5.** **<u>ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന</u>:**

സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്ന പുതിയ ഇൻസെന്റീവുകളെക്കുറിച്ചും മറ്റു നടപടികളെ സംബന്ധിച്ചും വ്യവസായ, വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഒരു പ്രസ്താവന നടത്തുന്നതാണ്.

**6.** **<u>ധനകാര്യം</u>:**

2026–2027 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലേക്കുള്ള ഉപധനാഭ്യർഥനകളേയും 2016-2017, 2017-2018, 2018-2019, 2020-2021, 2021-2022 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധികധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും.

(പ്രത്യേക ലിസ്റ്റ് പ്രകാരം.)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 26.

ഷാജി സി. ബേബി,
സെക്രട്ടറി–ഇൻ–ചാർജ്.

# SIXTEENTH KERALAM LEGISLATIVE ASSEMBLY
## Second Session
*Tuesday, October 27, 2026*
## LIST OF BUSINESS

**I. Questions:**

Questions entered in the separate list and Short Notice Question No. 1 to be asked and answered.

**II. Calling Attention:**

(1) Shri. Parakkal Abdulla to call the attention of the Minister for Home, Vigilance and Coir to the necessity to bring those who are arrested under 'Operation Toofan' - an initiative of the State Home Department before the Law and to ensure maximum punishment to them.

(2) Shri. G. R. Anil to call the attention of the Minister for Public Works to the necessity to complete the development works on the M. C. Road, one of the major routes in the State, in a time-bound manner and to address the travel difficulties faced by the public.

**III. Presentation of Petition under Rule 113:**

Shri. K. Rajan to present a petition of T. J. Anjalose, Ex-M.L.A., regarding the marine disaster that occurred in the State in the last week of July 2026.

**IV. Presentation of Reports:**

(1) Shri. Shibu Baby John, Minister for Forest, Wildlife and Skill Development and Chairperson, Subject Committee - X to present the Periodical Report from 1$^{st}$ April 2025 to 31$^{st}$ March 2026 and the Report on the action taken on the recommendations in the Fifth Report regarding the scrutiny of Demands for Grants for the financial year 2025-2026.

(2) Shri. Xavier Chittilappilly, Chairperson, Committee on Papers Laid on the Table to present the First and Second Reports of the Committee.

(3) Smt. Uma Thomas, Chairperson, Committee on the Welfare of Women, Transgenders, Children and Differently abled to present the First Report of the Committee.

(4) Shri. T. V. Ibrahim, Chairperson, Committee on the Welfare of Backward Class Communities to present the First and Second Reports of the Committee.

**V. Statement Under Rule 300:**

Shri. P. K. Kunhalikutty, Minister for Industries and Information Technology to make a statement under Rule 300 regarding the new incentives and other measures to improve the investment-friendly environment in the State.

**VI. Financial Business:**

Discussion and voting on the Supplementary Demands for Grants in the Revised Budget for the Financial Year 2026-2027 and the Demands for Excess Grants for the Financial Years 2016-2017, 2017-2018, 2018-2019, 2020-2021 and 2021-2022.

(As per separate list.)

Secretariat of the Keralam Legislature,
Thiruvananthapuram,
October 26, 2026.

Shaji C. Baby,
Secretary-in-Charge.